## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2684** **13.03.2020 ൽ മറുപടിക്ക്**

**വർക്കല മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി**

| ചോദ്യം<br>ശ്രീ.വി. ജോയി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;<br><br>(ബി) ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതം ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) വർക്കല മണ്ഡലത്തിൽ 5 പ്രവൃത്തികളാണ് നിർമ്മാണത്തിലിരിക്കുന്നത് അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. വർക്കല താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി- ഭാഗികമായി പൂർത്തീകരിച്ചു. അധിക ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് 31,00,000/- രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി താലൂക്ക് ആശുപത്രി സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്.<br>2. ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റൽ വർക്കലയിലെ പുതിയ പേവാർഡ് നിർമ്മാണം- ഫെയ്സ് 1- ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഭരണാനുമതിയിൽ വൈദ്യുതീകരണത്തിന് തുക ലഭ്യമാക്കിയിട്ടുണ്ട്. ടെൻഡർ നടപടികൾ നടന്നുവരുന്നു.<br>3. നേച്ചർക്യൂർ ഹോസ്പിറ്റൽ, വർക്കലയിലെ പേ വാർഡ് നിർമ്മാണം- ഫെയ്സ്2 – ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് ആവശ്യത്തിനുള്ള തുക ലഭ്യമായിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടെൻഡർ മൂല്യനിർണ്ണയ ഘട്ടത്തിലാണ്.<br>4. ഹരിഹരപുരം എൽ.പി സ്കൂളിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി - എഗ്രിമെന്റ് വച്ച് പ്രവൃത്തി പുരോഗമിക്കുന്നു.<br>5. വർക്കല താലൂക്ക് ആശുപത്രിയിലെ പുതിയ ബിൽഡിംഗ് നിർമ്മാണം വൈദ്യുതീകരണ പ്രവൃത്തികൾക്കായി പൈപ്പുകൾ സ്ഥാപിക്കുന്നത് ഒന്നാം |

| | | | |
|---|---|---|---|
| | | | നിലയിൽ പൂർത്തിയായി. ബാക്കി പ്രവൃത്തികൾ സിവിൽ പ്രവൃത്തികൾക്കൊപ്പം പൂർത്തിയാക്കും.<br>മേൽ പറഞ്ഞ 5 പ്രവൃത്തികൾക്ക് വൈദ്യുതീകരണത്തിന് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.<br>1) 8,57,000/- രൂപ<br>2) 8,00,000/- രൂപ<br>3) 70,00,000/- രൂപ<br>4) 10,00,000/- രൂപ<br>5) 84,00,000/- രൂപ |
| (സി) | ഫണ്ട് ലഭ്യമല്ലാത്ത പ്രവൃത്തികൾ ഏതെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുണ്ട്. (വർക്കല താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് അധിക ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി)- 31,00,000/- രൂപയുടെ ഭരണാനുമതിക്കായി താലൂക്ക് ആശുപത്രി സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**